**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : Geromic George IAS)**

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ സിനീയർ ക്ലാർക്ക് ശ്രീമതി. ലക്ഷ്മി എസ് ന്റെ സീനിയർ ക്ലാർക്ക് സീനിയോരിറ്റി പുന ക്രമീകരിച്ച് ഉത്തരവാകുന്നു.

<u>ഉത്തരവ് നമ്പർ.LSGD/PD/12858/2025-GEA3 തീയതി:21-08-2025</u>

പരാമർശം:

1) തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 13.05.2025 തീയതി LSGD/JD/TVM/4360/2025-D4കത്ത്.
2) പ്രിൻസിപ്പൽ ഡയറക്ടറുടെ 09.01.2025 തീയതി LSGD/PD/41545-GEA3 നമ്പർ നോട്ടീസ്.
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 20.03.2025 തീയതി LSGD/PD/41545-GEA3 നമ്പർ ഉത്തരവ്.
4) 15.03.2019 തീയതി സ.ഉ (സാധാ) നം 631/2019/തസ്വഭവ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ലക്ഷ്മി എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 30.07.2009 തീയതിയിൽ നിയമനം ലഭിച്ചാണ് സേവനത്തിൽ പ്രവേശിച്ചത്. പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലാർക്കുമാരുടെ കരട് സീനിയോരിറ്റി പട്ടകയിൽ ശ്രീമതി. ലക്ഷ്മി എസ് നെ 19.06.2015 ന് സീനിയർ ക്ലാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചവരോട് ഒപ്പം ക്രമ നം. 135 ആയാണ് ക്രമീകരിച്ചിരുന്നത്. എന്നാൽ 29.01.2013 മുതൽ 14.12.2015 വരെയുള്ള കാലയളവിൽ ശ്രീമതി. ലക്ഷ്മി എസ് ശൂന്യവേതനാവധിയിലായിരുന്നു എന്നതിനാൽ തന്നെക്കാൾ ജൂനിയർ ആയവർ സീനിയോരിറ്റിയിൽ മുന്നിൽ വന്നിട്ടുള്ളതിനാൽ അർഹമായ സ്ഥാനം അനുവദിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ശ്രീമതി. ലക്ഷ്മി എസ് അപേക്ഷ സമർപ്പിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ നേരിൽ കേൾക്കുകയും ടിയാൾക്ക് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ടുള്ള പരാമർശം (4) സർക്കാർ ഉത്തരവും അനുബന്ധരേഖകളും പരിശോധിക്കുകയും ചെയ്തു. പരാമർശം (4) പ്രകാരം 29.01.2013 മുതൽ 22.01.2015 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിലും 23.01.2015 മുതൽ 16.06.2015 വരെയുള്ള കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും ശൂന്യവേതനാവധി അനുവദിച്ചും 18.06.2015 മുതൽ 14.12.2015 വരെയുള്ള കാലയളവിൽ പ്രസവാവധി അനുവദിക്കുന്നതിന് നിയന്ത്രണാധികാരിയ്ക്ക് നിർദ്ദേശം നൽകിയുമാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ പരാമർശം(3) സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 131 ശ്രീ. സിനു പി ആർ നും ക്രമനം. 132 ശ്രീമതി. ജയ സി എ യ്ക്കും ഇടയിൽ ക്രമ നം. 131 A ആയി ശ്രീമതി. ലക്ഷ്മി എസ് നെ ഉദ്യോഗക്കയറ്റ തീയതിയിൽ മാറ്റം വരുത്താതെ ഉൾപ്പെടുത്തുന്നതിനും നിലവിൽ ടിയാൾ ഉൾപ്പെട്ട ക്രമ

നം. 162 ൽ നിന്നും ടിയാളുടെ വിവരങ്ങൾ ഒഴിവാക്കി ക്രമ നം. 162 DELETED എന്ന് രേഖപ്പെടുത്തി പരാമർശം(5) പ്രകാരം പ്രസിദ്ധീകരിച്ച താത്കാലിക നോട്ടീസിൽ മറ്റ് ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. ലക്ഷ്മി എസ് നെ പരാമർശം(3) സീനിയോരിറ്റി പട്ടികയിൽ 131 A ആയി ഉൾപ്പെടുത്തിയും ടിയാളെ തെറ്റായി ഉൾപ്പെടുത്തിയ ക്രമ നം. 162 DELETED എന്ന് രേഖപ്പെടുത്തിയും സീനിയോരിറ്റി പട്ടിക പുനക്രമീകരിച്ച് ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

**Geromic George IAS**
**PRINCIPAL DIRECTOR**

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി.ലക്ഷമി.എസ്സ്(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സിസ്റ്റം സൂപ്പർവൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജൂനിയർ സൂപ്രണ്ട്, DEB സെക്ഷൻ
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 21-08-2025 09:50:24